"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മിഷൻ വാത്സല്യ പദ്ധതിയ്ക്ക് കീഴിൽ സേവനം അനുഷ്ഠിക്കുന്ന കരാർ ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷം സംഭവിച്ചിരിക്കുന്ന വേതന ഇടിവ് നികത്തുന്നതിനായി തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിത ശിശു വികസന (സി) വകുപ്പ്**

സ.ഉ.(സാധാ) നം.221/2024/WCDD തീയതി,തിരുവനന്തപുരം, 06-07-2024

---

പരാമർശം:-

1. സ.ഉ(കൈ) 32/2017/സാനീവ, തീയതി 26/07/2017
2. സ.ഉ(അച്ചടി) നം. 29/2021/ധന, തീയതി 11/02/2021
3. സ.ഉ(സാധാ) നം. 487/2023/WCDD, തീയതി 04/09/2023
4. വനിത ശിശു വികസന ഡയറക്ടറുടെ 04/04/2024-ലെ DWCD/1239/2024-ICPS 4 നമ്പർ കത്ത്
5. GO(Rt) no. 4658/2024/Fin, തീയതി 13/06/2024

**ഉത്തരവ്**

ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ളതും നിയമവുമായി പൊരുത്തപ്പെടാനാകാത്തതുമായ കുട്ടികളുടെ സംരക്ഷണവും പുനരധിവാസവും ഉറപ്പാക്കുന്നതിനായി വിവിധ സംരംഭങ്ങളെ ഒരു കുടക്കീഴിൽ ഏകോപിപ്പിച്ച് കൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാറുകൾ 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മിഷൻ വാത്സല്യ. കേന്ദ്ര സർക്കാരിന്റെ ഗൈഡ് ലൈൻ പ്രകാരം നിശ്ചയിച്ച വിവിധ കംപോണൻറുകളിലായി SCPS, SARA, DCPU, JJ Homes, CWC, JJB കളിലെ ജീവനക്കാരുടെ കാറ്റഗറി നിശ്ചയിച്ച് വേതനം വർധിപ്പിച്ചും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. പരാമർശം (2) പ്രകാരം കരാർ ദിവസ വേതന വ്യവസ്ഥയിൽ നിലവിലുള്ള വിവിധ തസ്തികകളിലെ ജീവനക്കാരുടെ വേതനം പുതുക്കി നിശ്ചയിച്ച് ഉത്തരവായിരുന്നു.

2) 2022 - 23 സാമ്പത്തിക വർഷം മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ PFMS മുഖേനയാണ് നടപ്പിലാക്കുന്നത്. ആയതിലേക്ക് 2235-02-102-19 (P) 01 കേന്ദ്ര വിഹിതം, 02 സംസ്ഥാന വിഹിതം ശീർഷകങ്ങൾ രൂപീകരിച്ചും പദ്ധതിക്കായി ആരംഭിച്ചിട്ടുള്ള സംയോജിത ശിശു സംരക്ഷണ പദ്ധതി Scheme Code KL242 സ്കീമിന്റെ വനിതാ ശിശു വികസന ഡയറക്ടറുടെ പേരിലുള്ള SNA അക്കൗണ്ട് ആയ IDBI bank - ന്റെ 0889104000111737 നമ്പർ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ SNA അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ള ഫണ്ടിൽ നിന്നും, മിഷൻ വാത്സല്യയുടെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അനുവദിച്ച തുക മാത്രമേ പിൻവലിക്കാൻ സാധിക്കുകയുള്ളുവെന്നതിനാൽ പുതുക്കി നിശ്ചയിച്ച വേതനം

ജീവനക്കാർക്ക് അനുവദിക്കുന്നതിനു സംസ്ഥാന വിഹിതമായി അധിക ഫണ്ട് അഭ്യർത്ഥിച്ച് വനിത ശിശു വികസന ഡയറക്ടർ പ്രപ്പോസൽ സമർപ്പിക്കുകയും, ധനകാര്യ വകുപ്പിൽ നിന്ന് അനുമതി ലഭ്യമായതിന്റെ അടിസ്ഥാനത്തിൽ മിഷൻ വാത്സല്യയിലെ കരാർ ജീവനക്കാർക്ക് സംഭവിച്ചിരിക്കുന്ന വേതന ഇടിവ് നികത്തുന്നതിനായി 2235-02-102-19(05) ശീർഷകത്തിൽ 1,01,70,000/- രൂപ (ഒരു കോടി ഒരു ലക്ഷത്തി എഴുപതിനായിരം രൂപ മാത്രം) അധിക ധനാനുമതിയായി അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

3) എന്നാൽ 2024 -25 സാമ്പത്തിക വർഷത്തിൽ മിഷൻ വാത്സല്യ - യിലെ കരാർ ജീവനക്കാർക്ക് സംഭവിച്ചിരിക്കുന്ന വേതന ഇടിവ് നികത്തുന്നതിനായി ആരംഭിച്ച 2235-02-102-19(05) ശീർഷകത്തിൽ ബജറ്റ് തുക വകയിരുത്തിയിട്ടില്ലെന്നും ആയതിനാൽ നടപ്പ് സാമ്പത്തിക വർഷത്തിൽ ടി ശീർഷകത്തിൽ, ചുവടെ ചേർക്കുന്ന പട്ടിക പ്രകാരം, മിഷൻ വാത്സല്യ പദ്ധതിയുടെ വിവിധ ഘടകങ്ങളിലുള്ള കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന ജീവനക്കാർക്ക് 2024-25 സാമ്പത്തിക വർഷം SCPS, SARA, DCPU, JJ homes, CWC, JJB കളിലെ ജീവനക്കാരുടെ കാറ്റഗറി നിശ്ചയിച്ച വേതനം വർധിപ്പിച്ചുത്തരവായതിന്റെ അടിസ്ഥാനത്തിൽ ഉണ്ടായ വേതന ഇടിവ് നികത്തുന്നതിനായി 87,52,524 രൂപയും ഫെസ്റ്റിവെൽ അലവൻസ് ഇനത്തിൽ 6,05,000 രൂപയും 2022 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെയുള്ള വേതന കുടിശ്ശിക ഇനത്തിൽ 37,89,337 രൂപയും ഉൾപ്പെടെ 1,31,46,861 രൂപ (ഒരു കോടി മുപ്പത്തി ഒന്ന് ലക്ഷത്തി നാൽപത്തി ആറായിരത്തി എണ്ണൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) 2235-02-102-19(05) ശീർഷകത്തിൽ അടിയന്തരമായി അനുവദിച്ചുത്തരവാകണമെന്ന് വനിത ശിശു വികസന ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

## Salary Components

| SCPS & SARA | | | | | | | | |
|---|---|---|---|---|---|---|---|---|
| Sl no | Post | Amount as per GO | Mission Vatsalya Guidelines | 3% hike as per guideline | Excess Amount needed from State Government | No. of posts | No. of month | Total |
| 1 | Programme Manager | 44020 | 46340 | 47730 | 0 | 2 | 12 | 0 |
| 2 | Program Officer | 36000 | 34755 | 35798 | 202 | 3 | 12 | 7272 |
| 3 | One Accountant Officer | 22290 | 23170 | 23865 | 0 | 1 | 12 | 0 |
| 4 | One Accountant | 21175 | 18536 | 19092 | 2083 | 1 | 12 | 24996 |
| 5 | Assistant cum data entry Operator | 21175 | 13240 | 13637 | 7538 | 2 | 12 | 180912 |
| 6 | Programme Assistant | 21175 | 13240 | 13637 | 7538 | 1 | 12 | 90456 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| **DCPU** | | | | | | | | |
| 1 | Protection Officer - Institutional care | 29535 | 27804 | 28638 | 897 | 14 | 12 | 150696 |
| 2 | Protection Officer - Non institutional care | 29535 | 27804 | 28638 | 897 | 14 | 12 | 150696 |
| 3 | Legal cum Probation Officer | 28100 | 27804 | 28638 | 0 | 14 | 12 | 0 |
| 4 | Counsellor | 21175 | 18536 | 19092 | 2083 | 14 | 12 | 349944 |
| 5 | Social Worker | 21175 | 18536 | 19092 | 2083 | 28 | 12 | 699888 |
| 6 | Accountant | 21175 | 18536 | 19092 | 2083 | 14 | 12 | 349944 |
| 7 | Data Analyst | 21175 | 18536 | 19092 | 2083 | 14 | 12 | 349944 |
| 8 | Assistant cum Data entry Operator | 21175 | 13240 | 13637 | 7538 | 14 | 12 | 1266384 |
| 9 | Out Reach Worker | 18390 | 10592 | 10910 | 7480 | 28 | 12 | 2513280 |
| **Child Care Institution** | | | | | | | | |
| 1 | Counsellors | 22290 | 23170 | 23865 | 0 | 27 | 12 | 0 |
| **CWC &JJB** | | | | | | | | |
| 1 | Assistant cum Data Entry Operator | 20065 | 11916 | 12273 | 7792 | 28 | 12 | 2618112 |
| | Total | | | | | | | **8752524** |

| | |
|---|---|
| Fund Excess fund needed from State | 87,52,524 |
| Festival allowance needed from State (220 Staff 2750/- per staff) | 6,05,000 |
| Remaining amount to be sanctioned for FY 2023-24 (DCPU staff) | 37,89,337 |
| Total | 1,31,46,861 |

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മിഷൻ വാത്സല്യ സ്കീമിൽ ഉത്സവ ബത്ത അനുവദിക്കുന്നതിനുള്ള പ്രൊവിഷൻ ഇല്ലാത്തതിനാലും കഴിഞ്ഞ സാമ്പത്തിക വർഷം കരാർ ജീവനക്കാർക്കുള്ള വേതന ഇടിവ് നികത്തുവാൻ പരാമർശം (3) പ്രകാരം അഡീഷൽ State Assistance അനുവദിച്ചെങ്കിലും ആയതിന് മുൻകാല പ്രാബല്യം നൽകിയിട്ടില്ലാത്തതിനാലും ഫെസ്റ്റിവെൽ അലവൻസ് ഇനത്തിൽ അഭ്യർത്ഥിച്ചിരിക്കുന്ന തുകയും 2022 സെപ്റ്റംബർ മുതൽ 2023 മാർച്ച് വരെയുള്ള വേതന കുടിശ്ശിക ഇനത്തിൽ

അഭ്യർത്ഥിച്ചിരിക്കുന്ന തുകയും ഒഴിവാക്കി, പരാമർശം (5) പ്രകാരം മിഷൻ വാത്സല്യ പദ്ധതിയിലെ ജീവനക്കാർക്ക് നടപ്പ സാമ്പത്തിക വർഷത്തെ (2024-25) വേതന ഇടിവ് നികത്തുന്നതിനായി 2235-02-102-19(05) ശീർഷകത്തിൽ അധിക ധനാനുമതിയിലൂടെ 87,52,524/- രൂപ (എൺപത്തിയേഴ് ലക്ഷത്തി അൻപത്തിരണ്ടായിരത്തി അഞ്ഞൂറ്റി ഇരുപത്തിനാല് രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, വനിതാശിശു വികസന വകുപ്പ്, പൂജപ്പുര, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (vide file number WCD-1/97/2024-FIN(E:2773147) )
വെബ് & ന്യൂ മീഡിയ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Hena R Raj
സെക്ഷൻ ഓഫീസർ
Date: 08-07-2024 12:27:38